"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - അനുപൂരക പോഷക പദ്ധതി (SNP) - 2025-26 സാമ്പത്തിക വർഷം - രണ്ടാം ഗഡു കേന്ദ്രവിഹിതം തുക - റി-അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കി , ആനുപാതിക സംസ്ഥാന വിഹിതം അഡീഷണൽ ആതറൈസേഷൻ മുഖേന ഫണ്ട് വകയിരുത്തി SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും, പ്രസ്തുത തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**വനിത ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.39/2026/WCDD തീയതി,തിരുവനന്തപുരം, 28-01-2026

പരാമർശം:-

1. കേന്ദ്രസർക്കാരിന്റെ 17/12/2025 തീയതിയിലെ CD-II-14/18/2025-CD-II/AS&FA നമ്പർ കത്ത്
2. വനിത ശിശു വികസന ഡയറക്ടറുടെ 29/12/2025 തീയതിയിലെ DWCD/5957/2025-ICDS B3 നമ്പർ കത്ത്.
3. സ.ഉ(സാധാ)നം.616/2026/ധന തീയതി 21/01/2026
4. സ.ഉ(സാധാ)നം.615/2026/ധന തീയതി 21/01/2026

**ഉത്തരവ്**

ഐ.സി.ഡി.എസ് മുഖേന നടപ്പിലാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതി(SNP) കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ 50 : 50 എന്ന അനുപാതത്തിൽ നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതി നടത്തിപ്പിനായി 2235-02-102-39-01 എന്ന ശീർ ഷകത്തിൽ 150,00,00,000/- രൂപയും 2235-02-102-39-02 എന്ന ശീർഷകത്തിൽ 1,00,000- രൂപ ബജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്.

(2) അനുപൂരക പോഷകാഹാര പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി ജനറൽ കമ്പോണന്റിൽ 45,15,63,000/- രൂപയും, എസ് സി കമ്പോണന്റിൽ 4,59,65,000/- രൂപയും , എസ്റ്റി കമ്പോണന്റിൽ 75,77,000/- രൂപയും ചേർത്ത് ആകെ 50,51,05,000/- രൂപ കേന്ദ്ര വിഹിതം പരാമർശം(1) പ്രകാരം ലഭ്യമായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബജറ്റ് ഹെഡ് | അനുവദിച്ച തുക |
|---|---|---|
| 1 | 3601.06.101.84.02.31 | 45,15,63,000 |

| | | |
|---|---|---|
| 2 | 3601.06.789.70.02.31 | 4,59,65,000 |
| 3 | 3601.06.796.73.02.31 | 75,77,000 |
| **ആകെ** | | **50,51,05,000** |

(3) SNA SPARSH GUIDELINES പ്രകാരം സംസ്ഥാന വിഹിതത്തിന്റെ ശീർഷകത്തിൽ നിന്നുമാണ് പദ്ധതിയുടെ മുഴുവൻ തുകയും കണ്ടെത്തേണ്ടത്. ആകയാൽ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ കേന്ദ്ര വിഹിതം ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക സംസ്ഥാന വിഹിതത്തിന്റെ ശീർഷകങ്ങളിലേയ്ക്ക് റീ അപ്രോപ്രിയേഷൻ മുഖേന വകയിരുത്തേണ്ടതും , ടി തുക കിഴിച്ച് അധികമായി ആവശ്യമായ തുക അഡീഷണൽ ആതറൈസേഷൻ മുഖേന വകയിരുത്തേണ്ടതുമുണ്ട് . രണ്ടാം ഘട്ട കേന്ദ്ര റിലീസിന്റെയും ആനുപാതിക വകുപ്പ് വിഹിതത്തിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| SNP Component | **കേന്ദ്ര വിഹിതം** | **സംസ്ഥാന വിഹിതം** | **ആകെ** | **ശീർഷകം** |
|---|---|---|---|---|
| **ജനറൽ** | 45,15,63,000 | 45,15,63,000 | 90,31,26,000 | 2235-02-102-39 -02 |
| **എസ്.സി** | 4,59,65,000 | 4,59,65,000 | 9,19,30,000 | 2235-02-789-93-02 |
| **എസ്.റ്റി** | 75,77,000 | 75,77,000 | 1,51,54,000 | 2235-02-796-93-02 |
| **ആകെ** | **50,51,05,000** | **50,51,05,000** | **101,02,10,000** | |

(4) കേന്ദ്ര വിഹിതം(ജനറൽ) ശീർഷകമായ 2235-02-102-39-01 ൽ ബജറ്റ് വിഹിതത്തിന്റെ ആവശ്യം ഇനി ഇല്ലാത്തതിനാൽ, ടി ശീർഷകത്തിൽ അവശേഷിക്കുന്ന 40,16,94,000/- രൂപ റീ-അപ്രോപ്രിയേഷൻ മുഖേന 2235-02-102-39-02 ശീർഷകത്തിൽ വകയിരുത്തേണ്ടതും, അവശേഷിക്കുന്ന 60,85,16,000/- രൂപ ചുവടെ വിവരിക്കുന്ന പ്രകാരം അതത് ശീർഷകങ്ങളിൽ അഡീഷണൽ ആതറൈസേഷൻ മുഖേനയും വകയിരുത്തേണ്ടതുണ്ട്.

| **ശീർഷകം** | **ആകെ ആവശ്യമായ തുക** | **നിലവിൽ അവശേഷിക്കുന്ന തുക** | **2235-02-102-39-01 ശീർഷകത്തിൽ നിന്നും റി അപ്രോപ്രിയേഷൻ മുഖേന വകയിരുത്തേണ്ട തുക** | **അഡീഷണൽ ഓതറൈസേഷൻ മുഖേന വകയിരുത്തേണ്ട തുക** |
|---|---|---|---|---|
| 2235-02-102-39-02 | 90,31,26,000 | 40,16,94,000 | 40,16,94,000 | 50,14,32,000 |
| 2235-02-789-93-02 | 9,19,30,000 | | | 9,19,30,000 |
| 2235-02-796-93-02 | 1,51,54,000 | | | 1,51,54,000 |
| **ആകെ** | **101,02,10,000** | **40,16,94,000** | **40,16,94,000** | **60,85,16,000** |

(5) മേൽ പ്രകാരം റി-അപ്രോപ്രിയേഷൻ, അഡീഷണൽ ആതറൈസേഷൻ എന്നിവ മുഖേന

കേന്ദ്ര - സംസ്ഥാന വിഹിതം ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തുന്നതിനും, ഇപ്രകാരം വകയിരുത്തുന്ന കേന്ദ്ര സർക്കാർ വിഹിതം ₹50,51,05,000/- രൂപയും , ടി തുകയ്ക്ക് ആനുപാതികമായ സംസ്ഥാന വിഹിതം ₹50,51,05,000/- രൂപയും ചേർത്ത് ആകെ **₹101,02,10,000/-രൂപ** (നൂറ്റിയൊന്ന് കോടി രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ബന്ധപ്പെട്ട സംസ്ഥാന വിഹിതം ശീർഷകങ്ങളിൽ മേൽപ്പറഞ്ഞ പട്ടിക പ്രകാരം വകയിരുത്തി, ടി തുക വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുമുള്ള അനുമതിയും നൽകി ഉത്തരവാകണമെന്ന് പരാമർശം(2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് .

(6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം(3), (4) പ്രകാരം റി അപ്രൊപ്രിയേഷൻ, അഡീഷണൽ ഓതറൈസേഷൻ മുഖേന തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുണ്ട് . അനുപൂരക പോഷകാഹാര പദ്ധതിക്ക് 2025-26 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി ലഭിച്ച കേന്ദ്രവിഹിതമായ ₹ 50,51,05,000/- രൂപയും ആനുപാതിക സംസ്ഥാന വിഹിതമായ ₹ 50,51,05,000/- രൂപയും ചേർത്ത് ആകെ **₹ 101,02,10,000/-രൂപ** (നൂറ്റിയൊന്ന് കോടി രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) ബന്ധപ്പെട്ട സംസ്ഥാന വിഹിതം ശീർഷകങ്ങളിൽ വകയിരുത്തിയും , ടി തുക വകുപ്പ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് WCD-1/226/2025-FIN(E:3286347) dtd 24/01/2026
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 28-01-2026 14:00:04
സെക്ഷൻ ഓഫീസർ